ഉത്തരം

(എ) പാലക്കാട് നഗരസഭയുടെ കീഴിലുള്ള പ്രധാന റോഡുകൾ താഴെ പറയുന്നവയാണ് :

1. മുനിസിപ്പൽ ബസ്റ്റാന്റ് റോഡ്
2. ജി.ബി. റോഡ്
3. കോർട്ട് റോഡ്
4. ഐ.എം.എ. ജംഗ്ഷൻ മുതൽ സ്റ്റേഡിയം സ്റ്റാന്റ് വരെയുള്ള റോഡ്.
5. മിഷൻ സ്കൂൾ മുതൽ ശകുന്തള ജംഗ്ഷൻ വരെയുള്ള റോഡ് (ടി.ബി റോഡ്)
6. ബിഡ് ബസാർ റോഡ്
7. എൽ.ഐ.സി. തോട്ടുപാലം റോഡ്.
8. ശേഖരിപുരം കൽപ്പാത്തി എൽ.എൻ.പുരം, മാട്ടുമത്ത റോഡ്
9. രാമനാഥപുരം കല്ലേപ്പുള്ളി റോഡ്
10. വെണ്ണക്കര നൂറണി റോഡ്
11. പട്ടിക്കര ബി.ഒ.സി. റോഡ്
12. ചുണ്ണാമ്പുത്തറ വടക്കന്തറ മേലാമുറി റോഡ്
13. റോബിൻസൺ റോഡ്
14. മഞ്ഞക്കുളം മാർക്കറ്റ് റോഡ്

(ബി) ഈ റോഡുകളുടെ ടാറിംഗ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) അറ്റകുറ്റപ്പണികൾ 35% പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അറ്റകുറ്റപ്പണികൾ 2011 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

പരപ്പ ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം നഗരസഭ എന്നിവയ്ക്ക് ആസ്ഥാന മന്ദിരം

158 (1628) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി രൂപീകരിച്ച പരപ്പ ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം നഗരസഭ എന്നിവയ്ക്ക് ആസ്ഥാനമന്ദിരം ഉണ്ടാക്കുന്നതിന് സഹായം നൽകുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീലേശ്വരം നഗരസഭ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകളും, നടത്തിയ നിയമനങ്ങളും, നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 200 ലക്ഷം രൂപ 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട പരപ്പ ബ്ലോക്ക് പഞ്ചായത്തിന്, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരസഭാവമാർജ്ജിച്ച നീലേശ്വരം ഗ്രാമ പഞ്ചായത്തിനെ പരിവർത്തനപ്പെടുത്തിക്കൊണ്ടാണ് നീലേശ്വരം മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ടുള്ളത്. മുൻപ് ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തന്നെയാണ് ഇപ്പോൾ നീലേശ്വരം നഗരസഭയുടെ ആസ്ഥാന മന്ദിരമായി ഉപയോഗിക്കുന്നത്.

(ബി) പുതുതായി രൂപീകരിച്ച പരപ്പ ബ്ലോക്ക് പഞ്ചായത്തിന് 15 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് ക്ലാർക്കുമാരുടേയും ഒരു ടൈപ്പിസ്റ്റിന്റേയും ഒഴികെ മറ്റ് എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്. പുതിയതായി രൂപീകരിച്ച നീലേശ്വരം നഗരസഭയിൽ 32 വിവിധ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ അനുയോജ്യമായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മാരാരിക്കുളം വികസന പദ്ധതി

159 (1629) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 മുതൽ ആരംഭിച്ച മാരാരിക്കുളം വികസനപദ്ധതിക്ക് (മെഡിക്കോം) കേന്ദ്ര ഗ്രാമവികസനവകുപ്പിൽ നിന്നും എത്ര തുക ലഭിച്ചു ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യം നേടിയെടുക്കുവാൻ കഴിഞ്ഞോ ;

(സി) ഈ പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രോജക്ടിൽ പറഞ്ഞിരുന്ന സംരംഭങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ ഏതെല്ലാമെന്നും, എവിടെയാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതിൽ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(എഫ്) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ ; മാർക്കറ്റിംഗ് കമ്പനി വഴി വിപണനം ചെയ്യുന്ന കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഏതെല്ലാം ; ഇതിന്റെ വാർഷിക ടേൺ ഓവർ, ലാഭം എന്നിവ എത്രയെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly